## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3835 15.12.2014-ൽ മറുപടിയ്ക്ക്**

**<u>സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന്റെ നിയമപരമായ സാധുത</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഒരു വഞ്ചനാകേസ്സിൽ പരസ്യാന്വേഷണത്തിന് നിയമം അനുവദിക്കുന്നുണ്ടോ ? | (എ) വഞ്ചനാകേസ് കൈകാര്യം ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 415 - 420 വരെയുള്ള വകുപ്പുകൾ പ്രകാരം ക്രിമിനൽ നടപടി സംഹിതയിലെ ക്രമങ്ങൾ അനുസരിച്ചാണ്. |
| (ബി) സോളാർ സംഭവം സ്വകാര്യവ്യക്തികൾ തമ്മിലുള്ള വഞ്ചനാകേസ് മാത്രമാണെന്ന് കാട്ടി സോളാർ കമ്മീഷന് മുന്നിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ? | (ബി) സർക്കാരിനുവേണ്ടി സത്യവാങ്മൂലങ്ങളൊന്നും തന്നെ കമ്മീഷനുമുന്നിൽ സമർപ്പിച്ചിട്ടില്ല. |
| (സി) അങ്ങനെയെങ്കിൽ സോളാർ കേസിലെ ജുഡീഷ്യൽ കമ്മീഷന് നിയമപരമായ സാധുത ഉണ്ടോ; വിശദമാക്കാമോ ? | (സി) 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയമായി ഒരു വിഷയത്തെ സർക്കാരിനു ബോദ്ധ്യപ്പെട്ടാൽ ആയത് അന്വേഷിക്കുവാൻ ഒരു കമ്മീഷനെ നിയോഗിക്കുവാൻ സർക്കാരിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ